ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.03.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഡിജിറ്റൽ സൗകര്യങ്ങൾ കാലത്തിൻറെ ആവശ്യമാണെന്നും എല്ലാ ഗ്രാമങ്ങളിലേക്കും ഇത്തരം സൗകര്യങ്ങൾ വ്യാപിപ്പിക്കുകയാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി

   Prime Minister Narendra Modi says that Digital Public Infrastructure is a big requirement in itself and the government is extending the digital facilities to all the villages..

2. ലോക്സഭാ തെരഞ്ഞെടുപ്പിലെ ഒന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ബീഹാറിൽ നാളെ സൂക്ഷ്മ പരിശോധന; രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന കേരളമുൾ്പ്പെടെയുള്ള സംസ്ഥാനങ്ങളിൽ പ്രചരണം ഊർജ്ജിതം.

   Scrutiny will held tomorrow in Bihar, where the places scheduled to have first phase Lok Sabha elections; Campaigning intensifying in states including Kerala where the second phase of polling is taking place.

3. ഇന്ത്യയുടെ ജനാധിപത്യ നിയമ സംവിധാനത്തിൽ ബാഹ്യ ഇടപെടലുകൾ അനുവദിക്കില്ലെന്ന് വിദേശകാര്യ മന്ത്രാലയം.

   India will not allow external interference in India's democratic and legal system says Ministry of External Affairs.

4. യേശുക്രിസ്തുവിന്റെ കുരിശുമരണ സ്മരണയിൽ ലോകമെമ്പാടും ദുഃഖവെള്ളി അചരിക്കുന്നു. ക്രൈസ്തവ ദേവാലയങ്ങളിൽ കുരിശിൻറെ വഴി പ്രയാണം നടക്കുന്നു.

   Good Friday is being observed today all over the world, marking the crucifixion of Jesus Christ

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

In IPL Cricket Royal Challengers Bengaluru will face Kolkata Knight Riders today.

$$$$$$$$$$$$$$$$$$$$

## PM-BILL GATES (Intro)

ഡിജിറ്റൽ സൗകര്യങ്ങൾ കാലത്തിന്റെ ആവശ്യമാണെന്നും സർക്കാർ എല്ലാ ഗ്രാമങ്ങളിലേക്കും ഇത്തരം സൗകര്യങ്ങൾ വ്യാപിപ്പിക്കുകയാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ സാങ്കേതിക വിദ്യയ്ക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് പ്രമുഖ അമേരിക്കൻ വ്യവസായി ബിൽ ഗേറ്റ്സുമായി സംവദിക്കവേ ശ്രീ മോദി പറഞ്ഞു.
വിശദാംശങ്ങളിലേക്ക്

**(Voice)**

ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ നടന്ന കൂടിക്കാഴ്ചയിൽ നിർമ്മിത ബുദ്ധി, സ്ത്രീശാക്തീകരണം തുടങ്ങി വിവിധ വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ബിൽ ഗേറ്റ്സുമായി ചർച്ച നടത്തി. ലോകത്തെ ഡിജിറ്റൽ വിഭജനത്തെക്കുറിച്ച് പരാമർശിക്കവെ, ഇന്ത്യയിൽ അങ്ങനെയൊന്ന് സംഭവിക്കാൻ അനുവദിക്കില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. അലസത കാരണം നാം നിർമിത ബുദ്ധിയെ ആശ്രയിക്കുകയാണെങ്കിൽ, അത് തെറ്റായ പാതയാണെന്ന് ശ്രീ. മോദി ഓർമ്മിപ്പിച്ചു. നിർമ്മിത ബുദ്ധി ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇത്തരം ഉള്ളടക്കങ്ങളിൽ വ്യക്തമായ അതിർ വരമ്പുകൾ ഉണ്ടായിരിക്കണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ഡാറ്റ സുരക്ഷ ഒരു പ്രധാന ആശങ്കയായി തുടരുന്ന ഇന്നത്തെ കാലത്ത് ഇത് പ്രതിരോധിക്കാൻ ഇന്ത്യയിൽ ഒരു നിയമ ചട്ടക്കൂട് നിലവിലുണ്ടെങ്കിലും പൊതുബോധവും

ഒരുപോലെ നിർണായകമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയിൽ പുതിയ സാങ്കേതിക വിദ്യ സ്വീകരിക്കാൻ സ്ത്രീകൾ കൂടുതൽ സന്നദ്ധരാണെന്നും നമോ ഡ്രോൺ ദീദി പദ്ധതിയുടെ വിജയം ഇതിനു തെളിവാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സെർവിക്കൽ ക്യാൻസറിനെക്കുറിച്ചുള്ള പ്രാദേശിക ഗവേഷണത്തിനായി തൻ്റെ സർക്കാർ ശാസ്ത്രജ്ഞർക്ക് ഫണ്ട് അനുവദിക്കുമെന്നും അതിൽ നിന്ന് രക്ഷ നേടാൻ എല്ലാ പെൺകുട്ടികൾക്കും വാക്സിനേഷൻ നൽകണമെന്നും ആശയവിനിമയത്തിനിടെ പ്രധാനമന്ത്രി വ്യക്തമാക്കി.

ന്യൂസ്‌ഡെസ്ക് ആകാശവാണി

$$$$$$$$$$$$$$$$$$

## ELECTION – BIHAR

ഒന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ബിഹാറിലെ ഗയ, ഔറംഗാബാദ്, നവാഡ, ജുമി ലോക്‌സഭാ മണ്ഡലങ്ങളിൽ പത്രികാസമർപ്പണം ഇന്നലെ പൂർത്തിയായി. നാലിടത്തുമായി 110 പത്രികകൾ സമർപ്പിച്ചു. നാളെയാണ് സൂക്ഷ്മപരിശോധന. അടുത്തമാസം രണ്ടുവരെ പത്രികകൾ പിൻവലിക്കാം

$$$$$$$$$$$$$$$$$$

## ASSAM CAMPAIGN

അസമിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ കേന്ദ്ര നേതാക്കൾ എത്തിയതോടെ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാകുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ദേശീയ അധ്യക്ഷൻ ജെ പി നദ്ദ, പാർട്ടിയുടെ മുതിർന്ന നേതാക്കളായ അമിത് ഷാ, അർജുൻ മുണ്ട, സ്മൃതി ഇറാനി തുടങ്ങിയവർ എൻഡിഎ സ്ഥാനാർത്ഥികൾക്കായി പ്രചാരണത്തിനിറങ്ങുമെന്ന് സംസ്ഥാന ബിജെപി വൃത്തങ്ങൾ അറിയിച്ചു. മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയും പാർട്ടി നേതാവ് സർബാനന്ദ സോനോവാളും ഇതിനകം തന്നെ സംസ്ഥാനത്ത് പ്രചാരണം നടത്തുന്നുണ്ട്. കോൺഗ്രസ് അധ്യക്ഷൻ

മല്ലികാർജുൻ ഖാർഗെ, എംപി രാഹുൽ ഗാന്ധി, പാർട്ടി സംസ്ഥാന അധ്യക്ഷൻ ബുപെൻ ബോറ തുടങ്ങിയവർ തങ്ങളുടെ സ്ഥാനാർഥികൾക്കായി പ്രചാരണം നടത്തും. പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയും ടിഎംസി അധ്യക്ഷയുമായ മമത ബാനർജി രണ്ടാം ഘട്ടത്തിൽ അസമിൽ പാർട്ടിയുടെ പ്രചാരണത്തിന് നേതൃത്വം നൽകും. എഎപി, ബിപിഎഫ്, അസോം ഗണ പരിഷത്ത്, യുപിപിഎൽ എന്നിവരും തങ്ങളുടെ മുതിർന്ന നേതാക്കളുമായി വോട്ടർമാരെ ആകർഷിക്കുന്നു. 14 സീറ്റുകളിലേക്കാണ് അസമിൽ മൂന്ന് ഘട്ടമായി വോട്ടെടുപ്പ് നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

## ELECTION STATES

രണ്ടാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ച കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ പ്രചാരണം ഊർജിതമായി തുടരുന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള ആദ്യ ദിനമായ ഇന്നലെ കേരള ത്തിൽ 14 പേരാണ് പത്രിക നൽകിയത്. തിരുവനന്തപുരം 4, കൊല്ലം 3, മാവേലിക്കര 1, കോട്ടയം 1, എറണാകുളം 1, തൃശ്ശൂർ 1,കോഴിക്കോട് 1, കാസർഗോഡ് 2 എന്നിങ്ങനെയാണ്. സംസ്ഥാനത്ത് ഇന്നലെ പത്രികാ സമർപ്പണം നടന്നത്. ഏപ്രിൽ 4 വരെയാണ് പത്രിക സമർപ്പിക്കാം. അഞ്ചിനാണ് സൂക്ഷ്മപരിശോധന. ഏപ്രിൽ എട്ടു വരെ പത്രിക പിൻവലിക്കാം.

$$$$$$$$$$$$$$$$$$$$$$

## EXTERNAL AFFAIRS- U S STATE

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിനെക്കുറിച്ച് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അടുത്തിടെ നടത്തിയ പരാമർശങ്ങൾ അനാവശ്യമാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇന്ത്യയുടെ തിരഞ്ഞെടുപ്പ്, നിയമ പ്രക്രിയകൾ എന്നിവയിന്മേലുള്ള ബാഹ്യ ആരോപണങ്ങൾ പൂർണ്ണമായും അംഗീകരിക്കാനാവില്ലെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ഇന്നലെ ന്യൂഡൽഹിയിൽ

മാധ്യമങ്ങളോട് പറഞ്ഞു. വിഷയത്തിൽ യുഎസ് എംബസി യിലെ മുതിർന്ന ഉദ്യോഗസ്ഥന് ഇന്ത്യയുടെ ശക്തമായ പതിഷേധം അറിയിച്ചിരുന്നു.

$$$$$$$$$$$$$$$$$$$

## EXTERNAL AFFAIRS MINISTRY

റഷ്യൻ സൈന്യത്തിന്റെ അധീനതയിലുള്ള ഇന്ത്യൻ പൗരന്മാരെ എത്രയും വേഗം മോചിപ്പിക്കുന്നതിനുള്ള നടപടി കളുമായി മുന്നോട്ടു പോകുകയാണെന്ന് വിദേശകാര്യ മന്ത്രാലയം. വിഷയത്തിൽ റഷ്യൻ അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണെും മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ഇന്നലെ ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടിയായാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. അരുണാചൽ പ്രദേശ് ഇന്ത്യയുടെ അവിഭാജ്യമായ ഭാഗമാണെും അദ്ദേഹം ആവർത്തിച്ചു.

$$$$$$$$$$$$$$$$$$$

## JAISHANKAR UKRAINE FM

കേന്ദ്ര് വിദേശകാര്യമന്ത്രി എസ് ജയശങ്കർ യുക്രൈൻ വിദേശകാര്യമന്ത്രി ദിമിട്രോ കുലേബയുമായി ന്യൂഡൽഹി യിൽ കൂടിക്കാഴ്ച നടത്തുന്നു. ഉഭയകക്ഷി പങ്കാളിത്തവും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയ ങ്ങളിലെ സഹകരണവും സംബന്ധിച്ച കാര്യങ്ങൾ ഇരു മന്ത്രിമാരും ചർച്ച ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഉക്രൈൻ വിദേശകാര്യ മന്ത്രി രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ യാണ് ഇന്ത്യയിലെത്തിയത്.

$$$$$$$$$$$$$$$$$$$

## GOOD FRIDAY

യേശുക്രിസ്തുവിൻറെ പീഡാനുഭവങ്ങൾ അനുസ്മരിച്ച് ലോക മെമ്പാടുമുള്ള ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു. ദേവാലയങ്ങളിൽ പ്രത്യേക ശുശ്രൂഷകൾ പുരോഗമിക്കുക

യാണ്. പീഡാനുഭവ തിരുകർമങ്ങളിൽ പങ്കെടുക്കാൻ നിരവധി വിശ്വാസികളാണ് ക്രൈസ്തവ ദേവാലയങ്ങളിലേക്ക് എത്തുന്നത്. കേരളത്തിലങ്ങോളമിങ്ങോളമുള്ള ദേവാലയ ങ്ങളിൽ കുരിശിന്റെ വഴി പ്രയാണം നടക്കുന്നു. മലയാറ്റൂർ കുരിശുമുടിയിലേക്കും തീർഥാടകരുടെ പ്രവാഹം തുടരുന്നു. പതിനായിരങ്ങളാണ് മലയാറ്റൂർ മലകയറുന്നത്. യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ അടയാള പ്പെടുത്തുന്ന ഈസ്റ്റർ മറ്റെന്നാളാണ്.

$$$$$$$$$$$$$$$$$$$

## PM-GOOD FRIDAY

ദുഃഖവെള്ളിയാഴ്ചയിൽ യേശുക്രിസ്തുവിന്റെ ത്യാഗത്തെ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ദിനം നമ്മെ പഠിപ്പിക്കുന്ന അനുകമ്പയുടെയും ക്ഷമയുടെയും പാഠ ങ്ങളിൽ എല്ലാവരും ശക്തി കണ്ടെത്തണമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$

## J&K-NATIONAL HIGHWAY

ജമ്മു-ശ്രീനഗർ ദേശീയ പാതയിലുണ്ടായ വാഹനാപകട ത്തിൽ പത്ത് മരണം. റംബാൻ ജില്ലയിലെ ബാറ്ററി ചെഷ്മയ്ക്ക് സമീപം ജമ്മുവിൽ നിന്ന് ശ്രീനഗറിലേക്ക് പോവുക യായിരുന്ന യാത്രാ വാഹനം റോഡിൽ നിന്ന് ദിശ മാറി അഗാധമായ മലയിടുക്കിലേക്ക് പതിക്കുകയായിരുന്നു. അർദ്ധരാത്രിക്ക് ശേഷമുണ്ടായ അപകടത്തിൽ പുറത്തു നിന്നുള്ള തൊഴിലാളികളുമായെത്തിയ വാഹനം 1000 അടി താഴ്ചയിലേക്ക് മറിയുകയായിരുന്നു. ദുർഘടമായ ഭൂപ്രകൃതിയും, ഇരുട്ടും, തുടർച്ചയായുള്ള മഴയും തുടക്ക ത്തിൽ രക്ഷാപ്രവർത്തനത്തെ ബാധിച്ചു.

$$$$$$$$$$$$$$$$$$$

## SENSEX

അരലക്ഷം കടന്ന് സ്വർണ വില. 50,400 രൂപയും ഗ്രാമിന് 6,300 രൂപയുമാണ് ഇന്നത്തെ വില.
ഡോളറിന്റെ വിനിമയ നിരക്കിലുണ്ടായ വ്യത്യാസമാണ് രാജ്യാന്തര വിപണിയിൽ സ്വർണ വില വർധിക്കാനിടയായത്.

$$$$$$$$$$$$$$$$$$$$$$$

## WEATHER

കേരളത്തിൽ വിവിധ ജില്ലകളിൽ താപനില ഉയരുമെന്ന് മുന്നറിയിപ്പ്. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാം. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഉയർന്ന താപനില 38ഡിഗ്രി സെൽഷ്യസ് വരെയാകാമെന്നാണ് പ്രവചനം.

$$$$$$$$$$$$$$$$$$$$$$$

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. വൈകിട്ട് 7.30ന് ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.
ഇന്നലെ ജയ്പൂരിൽ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെ 12 റൺസിന് രാജസ്ഥാൻ റോയൽസ് പരാജയപ്പെടുത്തി.

$$$$$$$$$$$$$$$$$$$$$$$

## ICJ-GAZA

ഗസയിലെ ഫലസ്തീൻ ജനതയ്ക്ക് അടിസ്ഥാന ഭക്ഷ്യ സാധനങ്ങൾ കാലതാമസമില്ലാതെ എത്തിക്കുന്നതിന് അടിയന്തരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാൻ അന്താരാഷ്ട്ര നീതിന്യായ കോടതി ഇസ്രായേലിനോട് ഉത്തരവിട്ടു. ഫലസ്തീനികൾ മോശമായ ജീവിത

സാഹചര്യങ്ങൾ അഭിമുഖീകരിക്കുകയാണെന്നും ഗസയിൽ പട്ടിണിയും ക്ഷാമവും പടരുകയാണെന്നും കോടതി പറഞ്ഞു.

$$$$$$$$$$$$$$$$$$

## RUSSIA VETOES UN

ഉത്തര കൊറിയയുടെ ആണവ പദ്ധതികൾക്ക് മേലുള്ള ഐക്യരാഷ്ട്രസഭാ ഉപരോധങ്ങൾ നിരീക്ഷിച്ചുകൊണ്ടുള്ള ഐക്യരാഷ്ട്രസഭാ പ്രമേയം റഷ്യ വീറ്റോ ചെയ്തു. എന്നാൽ, യുക്രൈന് എതിരായ യുദ്ധത്തിൽ ഉപയോഗിക്കുന്നതിനായി ഉത്തര കൊറിയയുമായി നടത്തുന്ന ആയുധ കച്ചവടത്തെ സംരക്ഷിക്കുന്നതിനാണ് റഷ്യൻ നീക്കമെന്ന് പാശ്ചാത്യ രാജ്യങ്ങൾ ആരോപിച്ചു. അതേസമയം പാശ്ചാത്യ രാജ്യങ്ങൾ ഉത്തര കൊറിയയെ അടിച്ചമർത്താനാണ് ശ്രമിക്കുന്നതെന്ന് ഐക്യരാഷ്ട്രസഭയിലെ റഷ്യൻ പ്രതിനിധി പറഞ്ഞു.

$$$$$$$$$$$$$$$$$$

## TRAIN CANCELLATION

ആരുവായ്മൊഴി-നാഗർകോവിൽ-കന്യാകുമാരി ഭാഗത്ത് നിർമാണ ജോലികൾ നടക്കുന്നതിനാൽ ട്രെയിൻ സർവീസുകളിൽ മാറ്റം. ഇന്നു മുതൽ ഏപ്രിൽ ഒന്നുവരെ നിരവധി അൺറിസർവ്ഡ് സ്പെഷ്യൽ ട്രെയിനുകൾ റദ്ദാക്കി. നാഗർകോവിൽ-കന്യാകുമാരി, നാഗർകോവിൽ-കൊച്ചുവേളി, തിരുനെൽവേലി-നാഗർകോവിൽ, നാഗർകോവിൽ-തിരുനെൽവേലി, കൊല്ലം ആലപ്പുഴ, ആലപ്പുഴ-കൊല്ലം, കൊല്ലം - തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സെൻട്ര -നാഗർകോവിൽ എന്നിവയാണ് റദ്ദാക്കിയത്.

$$$$$$$$$$$$$$$$$$

$$$$$$$$$$$$

$$$$$$$